©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2016 ആഗസ്റ്റ് 11<br>11th August 2016<br>1191 കർക്കടകം 27<br>27th Karkadakam 1191<br>1938 ശ്രാവണം 20<br>20th Sravana 1938 | നമ്പർ<br>No. 1420 |

## കേരള സർക്കാർ

### സാംസ്കാരികകാര്യ (സി) വകുപ്പ്

### വിജ്ഞാപനം

**സ. ഉ. (കൈയെഴുത്ത്) നമ്പർ 17/2016/സാം.കാ.വ.**

*തിരുവനന്തപുരം, 2016 ആഗസ്റ്റ് 10*
*1191 കർക്കടകം 26.*

**എസ്. ആർ. ഒ. നമ്പർ 538/2016.**—2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിലെ (2011-ലെ 6) 10-ാം വകുപ്പ് (2)-ാം ഉപവകുപ്പും അതിന്റെ ക്ലിപ്തനിബന്ധനയും കൂട്ടിവായിച്ചപ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച്, 2014 മാർച്ച് 24-ാം തീയതിയിലെ ജി. ഒ. (എം.എസ്.) നമ്പർ 14/2014/സാം.കാ.വ. നമ്പരായി പുറപ്പെടുവിച്ചതും, 2014 മാർച്ച് 31-ാം തീയതിയിലെ 984-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 226/2014 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപന പ്രകാരം രൂപീകരിച്ച കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ കേരള സർക്കാർ, പ്രസ്തുത ബോർഡിന്റെ

ചെയർമാനായി പ്രവർത്തിക്കുന്ന ശ്രീ. ജി. സുരേഷ് കുമാറിനെ, 2 ഡി, റോയൽപാം, വഴുതക്കാട്, തിരുവനന്തപുരം പൊതുതാല്പര്യം പരിഗണിച്ച് ചെയർമാൻ സ്ഥാനത്തും ഡയറക്ടർ സ്ഥാനത്തും നിന്നും നീക്കം ചെയ്യുകയും തൽസ്ഥാനത്തേക്ക് പ്രസ്തുത ആക്റ്റിന്റെ 8-ാം വകുപ്പ് (4)-ഉം (5)-ഉം ഉപവകുപ്പുകൾ കൂട്ടിവായിച്ചപ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച് ശ്രീ. പി. ശ്രീകുമാറിനെ, TC 6/751, ആനന്ദ നഗർ, VARA-595, വട്ടിയൂർക്കാവ് പി. ഒ., തിരുവനന്തപുരം ബോർഡിന്റെ ഡയറക്ടർമാരിൽ ഒരാളായും ബോർഡിന്റെ ചെയർമാനായും നാമനിർദ്ദേശം ചെയ്തും മേൽപ്പറഞ്ഞ വിജ്ഞാപനം താഴെ പറയുംപ്രകാരം ഭേദഗതി വരുത്തുകയും ചെയ്യുന്നു, അതായത്:—

## ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിൽ,—

(i) ഇനം (1)-ന് നേരെയുള്ള ഉൾക്കുറിപ്പുകൾക്ക് പകരം താഴെപ്പറയുന്ന ഉൾക്കുറിപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"ശ്രീ. പി. ശ്രീകുമാർ,
TC 6/751, ആനന്ദ നഗർ,
VARA-595, വട്ടിയൂർക്കാവ് പി. ഒ.,
തിരുവനന്തപുരം"

(ii) അവസാനത്തെ ഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:—

"പ്രസ്തുത ആക്റ്റിലെ 8-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം ശ്രീ. പി. ശ്രീകുമാറിനെ, TC 6/751, ആനന്ദ നഗർ, VARA-595, വട്ടിയൂർക്കാവ് പി. ഒ., തിരുവനന്തപുരം ബോർഡിന്റെ ചെയർമാനായി നിയമിച്ചിരിക്കുന്നു".

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**റാണി ജോർജ്ജ്, ഐ.എ.എസ്.,**
*സാംസ്കാരികകാര്യ സെക്രട്ടറി.*



## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

2014 മാർച്ച് 24-ാം തീയതിയിലെ ജി. ഒ. (എംഎസ്.) നമ്പർ 14/2014/ സാം.കാ.വ. നമ്പരായി പുറപ്പെടുവിച്ചതും, 2014 മാർച്ച് 31-ാം തീയതിയിലെ 984-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 226/2014 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനംവഴി പുനഃസംഘടിപ്പിക്കപ്പെട്ട കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നും ബോർഡ് ചെയർമാനായ ശ്രീ. ജി. സുരേഷ് കുമാറിനെ പൊതുതാല്പര്യപ്രകാരം നീക്കം ചെയ്യുന്നതിനും തൽസ്ഥാനത്തേക്ക് ശ്രീ. പി. ശ്രീകുമാറിനെ ഡയറക്ടർമാരിലൊരാളായി ഉൾപ്പെടുത്തി ബോർഡ് ചെയർമാനായി നിയമിക്കുന്നതിനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2016.